**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **18-09-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് നേരെയുള്ള വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന വിഭവങ്ങളും മറ്റും ശേഖരിക്കുവാനും കൃഷി ആവശ്യങ്ങൾക്കുമായി വനത്തെ ആശ്രയിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ വന്യജീവി ആക്രമണം വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | മുൻകാലങ്ങളെ അപേക്ഷിച്ച് സമീപകാലത്ത് അത്തരം അപടകങ്ങൾ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016 മുതൽ 14/09/2025 വരെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണം മൂലം മരണപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും കണക്ക് ലഭ്യമാക്കാമോ; | (ബി) | 2016 മുതൽ 14/09/2025 വരെ സംസ്ഥാനത്ത്, വനത്തിന് പുറത്ത് പാമ്പ് കടി, കടന്നൽ/തേനീച്ച എന്നിവയുടെ കുത്തേറ്റത് ഉൾപ്പെടെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ആദിവാസി വിഭാഗ-ത്തിൽപ്പെട്ട 125 പേർ മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതേകാലയളവിൽ 101 പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | വന്യജീവി ആക്രമണം മൂലം മരണപ്പെടുകയും പരിക്കേൽക്കുകയും ചെയ്ത ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്ന ആദിവാസി ഗോത്രവിഭാഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികനവകുപ്പ് പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലെപ്മെന്റ് ഓഫീസർ ശുപാർശ ചെയ്യുന്ന അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് അധ്യക്ഷന്റെ അധികാരപരിധിയിൽ അധികരിക്കാത്ത 25,000/- രൂപ വരെയുള്ള അപേക്ഷകൾക്ക് അടിയന്തര ധനസഹായം അനുവദിക്കും. 25,000/- രൂപയ്ക്ക് മുകളി-ലേക്കുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ സർക്കാരിലേക്ക് ശുപാർശ ചെയ്ത് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ച നൽകുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് പട്ടിക-വർഗ്ഗ വികസന വകുപ്പ് ജില്ലാ ഓഫീസറുടെ ശുപാർശ-യുടെ അടിസ്ഥാനത്തിൽ ചികിത്സാധനസഹായം അനുവദിച്ച നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | മരണം |
|---|---|
| 2016 | 9 |
| 2017 | 10 |
| 2018 | 11 |
| 2019 | 11 |
| 2020 | 15 |
| 2021 | 15 |
| 2022 | 11 |
| 2023 | 15 |
| 2024 | 12 |
| 2025 | 16 |
| **ആകെ** | **125** |